## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1935 — 22.3.2012-ൽ മറുപടിക്ക്.

## കണ്ണൂർ എയർപോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ.ജോസഫ് വാഴക്കൻ:<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.വി.റ്റി. ബൽറാം: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിയെ (സിയാൽ) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് കമ്പനിയുടെ (കിയാൽ) 7.12.2011 ലെ ബോർഡ് തീരുമാനപ്രകാരം നിയോഗിച്ചിട്ടുണ്ട്. |
| (ബി) | എയർപോർട്ട് അതോറിറ്റിയെ ഡി.പി.ആർ. തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയത് എന്നാണ്; അവർ ഡി.പി.ആർ തയ്യാറാക്കി നൽകിയിട്ടുണ്ടോ; | (ബി) | കിയാലിന്റെ 15.6.2011 ലെ ബോർഡ് തീരുമാനപ്രകാരമാണ് എയർപോർട്ട് അതോറിറ്റിയെ ഡി.പി.ആർ തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയത്.<br>എയർപോർട്ട് അതോറിറ്റി ഡി.പി.ആർ തയ്യാറാക്കി നല്കിയിട്ടില്ല. |
| (സി) | കണ്ണൂർ എയർപോർട്ട് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കണ്ണൂർ വിമാനത്താവളത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ്, ടെൻഡർ രേഖകൾ ***എന്നിവ*** 'സിയാൽ' തയ്യാറാക്കി വരുന്നു. ഈ വർഷത്തിൽ ടെണ്ടർ വിളിച്ച് റൺവെ നിർമ്മാണം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്രവിമാനത്താവളത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) ഏപ്രിൽ 2012 നും റൺവേ ഡിസൈൻ, ഡ്രോയിംഗ്സ് ടെൻഡർ ഡോക്യുമെന്റ്സ് 2012 ഓഗസ്റ്റ് മാസത്തിലും ബാക്കിയുള്ള എല്ലാ റിപ്പോർട്ടുകളും രേഖകളും ഒക്ടോബർ 2012 നും സമർപ്പിക്കുന്നതാണെന്ന് 'സിയാൽ' അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ